(ഡി) പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇൻഡ്യയിലെ തെരഞ്ഞെടുത്ത പിന്നോക്ക ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ സംവികാസ യോജന. കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് നികത്തുക, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലില്ലായ്മ പരിഹരിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പാലക്കാട്, വയനാട് എന്നീ രണ്ട് ജില്ലകളിലാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്.

(സി) മൂന്നു വർഷമായാണ് ഓരോ ജില്ലയിലും 45 കോടി രൂപയുടെ ഈ പദ്ധതി നടപ്പിലാക്കേണ്ടത്. പാലക്കാട് ജില്ലയിൽ ഒന്നാം വർഷ പദ്ധതി പൂർത്തിയായി വരുന്നു. വയനാട് ജില്ലയിൽ ഒന്നാം വർഷത്തെ ആദ്യ ഗഡുവായി ലഭിച്ച 7.5 കോടി രൂപയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. മൂന്ന് വർഷത്തെ പദ്ധതി പൂർത്തിയാകുമ്പോൾ ഈ പദ്ധതിയിൽ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നേടുവാൻ കഴിയും.

(ഡി) കേന്ദ്ര സർക്കാർ 2005-06 സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ സംവികാസ് യോജന എന്ന പദ്ധതി "പിന്നോക്ക ജില്ലാ/പിന്നോക്ക പ്രദേശ ഫണ്ട്" എന്ന് പുനർനാമകരണം ചെയ്ത് നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ കേരളത്തിൽനിന്ന് കൂടുതൽ ജില്ലകൾ ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

## വാറ്റ് നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

*22 [434] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
,, കെ. പി. രാജേന്ദ്രൻ :
,, ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏപ്രിൽ 1 മുതൽ സംസ്ഥാനത്ത് വാറ്റ് നിയമം നടപ്പിലാക്കുന്നതിന് ഇതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യാപാരികളും വ്യവസായികളും അവരുടെ സംഘടനകളും നിയമം നടപ്പിലാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് നികുതി പിരിവിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) വ്യാപാരി-വ്യവസായികളുടെ സംഘടനകളുമായി നടന്ന ചർച്ചയിൽ പുതിയ ബദൽ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാറ്റ് നിയമം നടപ്പിലാക്കുന്നതു മൂലം അടുത്ത സാമ്പത്തികവർഷം കേന്ദ്രത്തിൽ നിന്ന് കൂടുതൽ സാമ്പത്തിക സഹായം ലഭിക്കാൻ സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) ഏപ്രിൽ ഒന്നു മുതൽ വാറ്റ് നടപ്പിലാക്കുന്നതിനുവേണ്ടി വാറ്റ് നിയമം തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. കരട് ചട്ടങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഏതാനും വ്യാപാരി-വ്യവസായി സംഘടനകൾ അത്തരത്തിൽ ഒരു നിയമലംഘനം നടത്തിയാൽത്തന്നെ നികുതിപിരിവിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. ഭൂരിപക്ഷം വ്യാപാരികളും വ്യവസായികളും അവരുടെ സംഘടനകളും നിയമം നടപ്പാക്കുന്നതിൽ വരാവുന്ന ബുദ്ധിമുട്ടുകൾ ചർച്ചകളിൽ പ്രകടിപ്പിക്കുകയും, അതുകൂടി പരിഗണിച്ച് നിയമത്തിൽ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. അവരുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ച് നിയമത്തിൽ വേണ്ട ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(ഡി) വാറ്റ് നിയമം നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം മുഴുവനായും ആദ്യവർഷം കേന്ദ്രം നികത്താമെന്നാണ് ധാരണയായിട്ടുള്ളത്.

## ജീവൻരക്ഷാ ഔഷധങ്ങളെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കാൻ നടപടി

*23 [435] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ ഔഷധങ്ങളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽക്കാണ്; ഇല്ലെങ്കിൽ ഇത്തരം ഔഷധങ്ങൾക്ക് നികുതി ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) ജീവൻരക്ഷാ ഔഷധങ്ങളെ കേരളപൊതുവില്പന നികുതി നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) വില്പന നികുതി നിയമം നിലവിൽ വന്ന വർഷം (1963) മുതൽ തന്നെ ഇത് പ്രാബല്യത്തിലുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly